മാതൃഭൂമി 21 December 2022

# ഫാറ്റി ലിവറിന് കടൽ പായൽ ഉത്പന്നവുമായി സി.എം.എഫ്.ആർ.ഐ.



ഫാറ്റി ലിവറിനെ ചെറുക്കാനുള്ള കടൽ പായൽ ഉത്പന്നം വാണിജ്യാടിസ്ഥാനത്തിൽ നിർമിക്കുന്നതിന് സി.എം.എഫ്.ആർ.ഐ. എമിനിയോ ടെക്കുമായി ധാരണാപത്രം ഒപ്പുവെച്ച ശേഷം ഡോ. എ. ഗോപാലകൃഷ്ണനും ഇവാൻജലിസ്റ്റ് പത്രോസും അനുമതിപത്രം കൈമാറുന്നു

**കൊച്ചി▸** നോൺ ആൽക്കഹോളിക് ഫാറ്റി ലിവറിനെ ചെറുക്കാൻ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) കടൽ പായലിൽനിന്ന് വികസിപ്പിച്ച പ്രകൃതിദത്ത ഉത്പന്നം ഉടൻ വിപണിയിലെത്തും. കടൽമീൻ ലിവ്ക്യുവർ എക്സ്ട്രാക്ട് എന്ന ന്യൂട്രാസ്യൂട്ടിക്കൽ ഉത്പന്നം വാണിജ്യാടിസ്ഥാനത്തിൽ നിർമിക്കുന്നതിനും വിപണിയിലെത്തിക്കുന്നതിനും സ്വകാര്യ കമ്പനിയായ എമിനിയോ ടെക്കുമായി സി.എം.എഫ്.ആർ.ഐ. ധാരണയായി.

സാങ്കേതികവിദ്യ കൈമാറുന്നതിനുള്ള അനുമതിപത്രം സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണനും എമിനിയോ ടെക് മാനേജിങ് ഡയറക്ടർ ഇവാൻജലിസ്റ്റ് പത്രോസും ഒപ്പുവെച്ചു.

സി.എം.എഫ്.ആർ.ഐ.യിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. കാജൽ ചക്രബർത്തിയാണ് ഉത്പന്നം വികസിപ്പിച്ചത്. നാല് മാസത്തിനുള്ളിൽ വിപണിയിലെത്തിക്കുമെന്ന് എമിനിയോ ടെക് മാനേജിങ് ഡയറക്ടർ ഇവാൻജലിസ്റ്റ് പത്രോസ് പറഞ്ഞു.